## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1983 | 04.11.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2018-ലെ മഹാപ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിനായി ലോകബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസനനയവായ്പ(DPL), സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വായ്പ എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരളപുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗരേഖയായി കേരള പുനർനിർമാണ വികസന പദ്ധതി (Rebuild Kerala Development Program, RKDP)-ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. RKDP യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീര |

| | | | |
|---|---|---|---|
| | | | വികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്കായാണ് വായ്പ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | വായ്പ തിരിച്ചടവ് കാലാവധി എത്ര വർഷമാണ്; അതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ? | (സി) | ലോകബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഇനം | ഭാഗം - എ കൺസഷണൽ വായ്പ | ഭാഗം - ബി നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR+ ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15/11/2024 മുതൽ 15/05/2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15/11/2024 മുതൽ 15/11/2043 വരെ 39 അർദ്ധവാർഷിക തവണകൾ |

**സെക്ഷൻ ഓഫീസർ**